# കലാലയസാന്ത്വന2013 – നിബന്ധനകൾ

1. മലങ്കര കത്തോലിക്കാ സഭാംഗവും, പഠനത്തിൽ മുന്നോക്കവും, സാമ്പത്തികമായി പിന്നോക്കവും നിൽക്കുന്ന വിദ്യാർത്ഥികൾക്കായി കുവൈറ്റിലെ മലങ്കര കത്തോലിക്കാ സഭാകൂട്ടായ്മയായ കെ.എം.ആർ.എം ഏർപ്പെടുത്തിയിരിക്കുന്ന വിദ്യാഭ്യാസ സഹായ പദ്ധതിയാണ് കലാലയസാന്ത്വന.
2. 2013–14 അദ്ധ്യായനവർഷം നേഴ്സിംഗ് (B. Sc / 3yr. Diploma), എഞ്ചിനിയറിംഗ് (ഡിഗ്രി / ഡിപ്ളോമ), ഐ.റ്റി.ഐ എന്നീ കോഴ്സുകൾക്ക് പ്രവേശനം ഉറപ്പാക്കിയവർ ആയിരിക്കണം അപേക്ഷകർ.
3. കുടുംബത്തിന്റെ മാസവരുമാനം 7500/- രൂപയിൽ കൂടുതലുള്ളവരെ പരിഗണിക്കുന്നതല്ല.
4. മതബോധന വിദ്യാഭ്യാസം പൂർത്തിയാക്കിയവരും എം.സി.വൈ.എം അംഗവും ആയിരിക്കണം അപേക്ഷകർ.
5. മാതാപിതാക്കൾ ഇടവകയിലെ സജീവ അംഗമായിരിക്കണം.
6. അപേക്ഷകർ നിശ്ചിത കോഴ്സുകൾക്ക് പ്രഥമാവസരം ഉപയോഗപ്പെടുത്തുന്നവരായിരിക്കണം.
7. അനാഥർ, വിധവകളുടെ കുട്ടികൾ, അംഗവൈകല്യമോ നിത്യരോഗികളോ ആയ മാതാപിതാക്കളുടെ കുട്ടികൾ, പെൺകുട്ടികൾ മാത്രമുള്ള കുടുംബത്തിലെ അംഗം എന്നിവർക്കായിരിക്കും മുൻഗണന.
8. പൂരിപ്പിച്ച അപേക്ഷാഫോറവും അതോടൊപ്പം സമർപ്പിക്കേണ്ട രേഖകളും ഇടവക വികാരി സാക്ഷ്യപ്പെടുത്തി അതിരൂപത/രൂപതാ എം.സി.എ കമ്മറ്റികൾ എംസിഎ കേന്ദ്രസമിതിക്ക് സമർപ്പിക്കേണ്ടതും, കേന്ദ്രസമിതി തിരഞ്ഞെടുത്ത അപേക്ഷകൾ 1:4 എന്ന അനുപാതത്തിൽ (കുറഞ്ഞത് 12 അപേക്ഷകൾ ഒരു രൂപതയിൽ നിന്നും) 2013 ജൂലൈ 15ന് മുൻപായി കെഎംആർഎം സാന്ത്വന കമ്മറ്റിക്ക് അയക്കേണ്ടതാണ്.
9. അപൂർണ്ണവും മേൽപറഞ്ഞ തീയതിക്കുശേഷവും ലഭിക്കുന്ന അപേക്ഷകൾ പരിഗണിക്കുന്നതല്ല.
10. അപേക്ഷാ ഫോമുകളുടെ അന്തിമ നിർണ്ണയം കെഎംആർഎം സാന്ത്വന കമ്മറ്റിയിൽ നിക്ഷിപ്തമായിരിക്കും
11. അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ട രേഖകൾ :-
    a. SSLC ബുക്കിന്റെ പ്രഥമ പേജിന്റെ കോപ്പി.
    b. യോഗ്യതാ മാർക്ക് ലിസ്റ്റിന്റെ കോപ്പി.
    c. നിശ്ചിത കോഴ്സുകൾക്ക് പ്രവേശനം ഉറപ്പുവരുത്തിയതിന്റെ രേഖ.
    d. രണ്ട് പാസ്പോർട്ട് സൈസ് ഫോട്ടോ.
    e. ഇടവക വികാരിയുടെ സാക്ഷ്യപത്രം.